# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3141 21.06.2013-ലെ മറുപടിയ്ക്ക്

### ഗ്രാമസഭകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.പാലോട് രവി<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.സണ്ണി ജോസഫ് | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) ഗ്രാമയാത്രകളും, വിശേഷാൽ ഗ്രാമസഭകളും വിജയകരമാക്കാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തത് ; | (എ) കേരളത്തിലെ 134 നിയമസഭാ നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര ആരംഭിച്ചത്. ഇതിനുമുൻപ് ആ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേരുകയും വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും വിവിധ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമങ്ങളുടെ സഭയായിട്ടാണ് വിശേഷാൽ ഗ്രാമസഭ സമ്മേളിക്കുന്നത്. ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനായി ജില്ല, മണ്ഡല സമിതികൾ രൂപീകരിക്കുകയും പരസ്യങ്ങൾ, സാംസ്കാരിക ഘോഷയാത്ര എന്നിവ ഒരുക്കുകയും പൊതുപ്രവർത്തകർ, സാഹിത്യ നായകന്മാർ, കലാകാരന്മാർ, കായിക പ്രതിഭകൾ, കർഷകർ, തൊഴിലാളികൾ എന്നീ സമസ്തമേഖലയിൽ ഉള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും അഗതി ആശ്രയ കുടുംബത്തിൽ ഉൾപ്പെടുന്ന ഒന്നോ രണ്ടോ ഗുണഭോക്താക്കളുമായി ബഹു.പഞ്ചായത്ത് വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രിക്ക് ആശയവിനിമയം നടത്തുന്നതിന് സൗകര്യം ഒരുക്കുകയും ചെയ്യുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി ആയതിനെ ശാക്തീകരിക്കുന്നതിനും ഗ്രാമസഭകളുടെ പ്രാധാന്യം ജനമനസ്സുകളിൽ എത്തിക്കുന്നതിനും ഗ്രാമസഭകളിൽ ആ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസനത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനും ഗ്രാമവാസികൾക്ക് ബഹു.വകുപ്പ് മന്ത്രിയുമായി അവരുടെ പ്രശ്നങ്ങൾ നേർക്കുനേർ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ഗ്രാമയാത്രകൾ സംഘടിപ്പിച്ചു വരുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്; | (സി) | കില, സി-ഡിറ്റ്, കേരള സാമൂഹ്യ-സുരക്ഷ മിഷൻ, വനിത വികസന കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളാണ് ഇതുമായി സഹകരിച്ചു വരുന്നത്. |
| (ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | ഇതുമായി ബന്ധപ്പെട്ട് 134 മണ്ഡലങ്ങളിൽ നടത്തുന്ന ബഹുജന സമ്പർക്ക പരിപാടിയായ ഗ്രാമയാത്ര സംസ്ഥാനത്തെ 12 ജില്ലകളിലായി നാളിതുവരെ 30 നിയോജക മണ്ഡലങ്ങളിലായി 30 ഗ്രാമയാത്രകൾ സംഘടിപ്പിച്ചു കഴിഞ്ഞു.<br>പ്രസ്തുത ഗ്രാമയാത്രകളിൽ ഗ്രാമവാസികൾ തങ്ങളുടെ ആവശ്യങ്ങൾ ബഹു.മന്ത്രിയുമായി പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി പരാതികളും നിവേദനങ്ങളും സമർപ്പിക്കുകയും കൈപ്പറ്റിയ അപേക്ഷകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന സത്വര നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.<br>ഗ്രാമയാത്രകളിൽ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ച അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ചതിൽ 560 പേർക്ക് ഭവന നിർമ്മാണ ധനസഹായം |

അനുവദിക്കുകയും, അർഹതയുള്ള മുഴുവൻ അപേക്ഷകർക്കും വിവിധ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ലഭ്യമാക്കുകയും നിരവധി റോഡുകളുടെയും, ശുദ്ധജല വിതരണ പദ്ധതികളുടെയും നടത്തിപ്പ് യാഥാർത്ഥ്യമാക്കി മാറ്റുകയും ഭിന്നശേഷിയുള്ള നിരവധി പേർക്ക് മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അർഹതയുള്ളവരെ നിലവിലുള്ള എ.പി.എൽ, റേഷൻകാർഡ് ബി.പി.എൽ ആക്കി മാറ്റുന്നതിന് ലഭിച്ച 428 അപേക്ഷകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിലെ ഗ്രാമ യാത്രയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിരവധി ആനുകൂല്യങ്ങൾ അനുവദിച്ചു. വിവിധ ജില്ലകളിൽ നിന്നും ചികിത്സാ ധനസഹായത്തിനായി ലഭിച്ച 168 അപേക്ഷകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ